2025 OCTOBER
16
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# അദാനി–ഗൂഗിൾ കൂട്ടുകെട്ടിൽ വിശാഖപട്ടണത്ത് 1.3 ലക്ഷം കോടിയുടെ വമ്പൻ എഐ ഡേറ്റ സെന്റർ

**മുംബൈ:** ഗൂഗിളുമായി കൈകോർത്ത് ഇന്ത്യയിലെ ഏറ്റവും വലിയ എഐ ഡേറ്റ സെന്റർ ഒരുക്കാൻ അദാനി ഗ്രൂപ്പ്. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്താണ് അദാനി ഗ്രൂപ്പിന് കീഴിലെ അദാനി കോണെക്സ്, ഗൂഗിൾ, ഭാരതി എയർടെൽ എന്നിവ സംയോജിതമായി പദ്ധതി സജ്ജമാക്കുക. ഏകദേശം 1.33 ലക്ഷം കോടി രൂപ. 2030ഓടെ പൂർത്തിയാക്കും.

ഇന്റർനെറ്റിലെ വിവരങ്ങൾ/ഡിജിറ്റൽ വിവരങ്ങൾ ഒരിടത്ത് അതീവ സുരക്ഷിതമായി സൂക്ഷിക്കുന്ന സംവിധാനമാറ്റ ഡേറ്റസെന്ററുകൾ. ഡേറ്റ മോഷണം തടയുന്നത് ഉൾപ്പെടെയുള്ള അതീവ സുരക്ഷാക്രമീകരണങ്ങളും ഇവിടെയുണ്ടാകും. ഗൂഗിൾ വികസിപ്പിക്കുന്ന നവീന എഐ സാങ്കേതികവിദ്യ ഇന്ത്യയിലെ ബിസിനസ് സമൂഹത്തിനും ഡവലപ്പർമാർക്കും ലഭ്യമാകുമെന്നതും പ്രത്യേകതയാണ്. സമുദ്രത്തിന് അടിയിലൂടെയുള്ള കേബിൾ ശൃംഖലകളും ഇതിനായി സ്ഥാപിക്കും.



സെന്ററിന് ആവശ്യമുള്ള വൈദ്യുതി ഉറപ്പാക്കാൻ പുനരുപയോഗ ഊർജ പദ്ധതികളും സജ്ജമാക്കും. ഇന്ത്യയുടെ ഡിജിറ്റൽ വളർച്ചയ്ക്കും സാങ്കേതിക മുന്നേറ്റത്തിനും പദ്ധതി കുതിപ്പേകുമെന്ന് അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി പറഞ്ഞു. ഗൂഗിളിന്റെ ക്ലൗഡ് ബിസിനസ് (ഗൂഗിൾ ക്ലൗഡ്) സിഇഒയും കോട്ടയം പാമ്പാടി സ്വദേശിയുമായ തോമസ് കുര്യനും പദ്ധതിയുടെ പിന്നണിയിലുണ്ട്. എഐയിൽ ഇന്ത്യയുടെ വളർച്ചയ്ക്ക് ഗതിവേഗം പകരാൻ പദ്ധതി സഹായിക്കുമെന്ന് തോമസ് കുര്യനും പറഞ്ഞു. ആന്ധ്രാപ്രദേശിൽ അതിവേഗം വളരുന്ന നഗരമായ വിശാഖപട്ടണത്തിന്റെ മുന്നേറ്റത്തിൽ പുതിയ പൊൻതൂവലായിരിക്കും അദാനി-ഗൂഗിൾ കൂട്ടുകെട്ടിൽ ഒരുക്കുന്ന എഐ ഡേറ്റ സെന്റർ എന്നാണ് വിലയിരുത്തൽ. ആന്ധ്രാപ്രദേശിന്റെ സാമ്പത്തിക വളർച്ചയ്ക്കും പദ്ധതി മുതൽക്കൂട്ടാകും. ടെക്നോളജി രംഗത്തുൾപ്പെടെ ആയിരക്കണക്കിന് തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്.

# എംടിവി മ്യൂസിക് ചാനൽ പൂട്ടുന്നു

**മുംബൈ:** ഐക്കണിക് മ്യൂസിക് ചാനൽ എംടിവി പൂട്ടുന്നു. സംഗീതത്തെയും യുവജനങ്ങളുടെ സംസ്കാരത്തെയും സ്വാധീനിച്ച 40 വർഷത്തിലേറെ ചരിത്രമുള്ള എംടിവിയുടെ അഞ്ചു മ്യൂസിക് ചാനലുകളുടെ പ്രവർത്തനം പൂർണമായും അവസാനിപ്പിക്കുമെന്ന് മാതൃകമ്പനിയായ പാരാമൗണ്ട് ഗ്ലോബൽ അറിയിച്ചു.

1981ൽ ആരംഭിച്ച് മ്യൂസിക് വീഡിയോ മേഖലയിൽ, പ്രത്യേകിച്ച് പോപ് മ്യൂസിക്കും മെലഡിയുമായി യുവാക്കളിൽ ആവേശം കൊണ്ടുവന്ന ചാനലാണ് എംടിവി. എം ടിവി മ്യൂസിക്, എം ടിവി എയ്റ്റീസ്, എംടിവി നയൻറീസ്, ക്ലബ് എം ടിവി, എംടിവി ലൈവ് എന്നിവയാണ് പൂട്ടുന്നത്. ഈ ചാനലുകൾ ഡിസംബർ 31ന് പ്രവർത്തനം അവസാനിപ്പിക്കും.

എന്നാൽ എംടിവി എച്ച്ഡി ചാനലിൽ റിയാലിറ്റി ഷോകളുടെ സംപ്രേഷണം തുടരും. ചെലവു ചുരുക്കലിന്റെ ഭാഗമായാണ് ഈ ആഗോള തലത്തിലെ അടച്ചുപൂട്ടൽ. ഇതു വഴി പ്രതിവർഷം 50 കോടി ഡോളർ ലാഭിക്കാമെന്നാണ് കരുതുന്നത്.

1981ൽ അമേരിക്കയിലാണ് മ്യൂസിക് വീഡിയോകളുമായി എംടിവി പിറന്നത്. 1987 ആയപ്പോൾ പ്രവർത്തനം യൂറോപ്പിലേക്ക് വിപുലീകരിച്ചു. 1997ലാണ് യുകെയിലെത്തുന്നത്.

പാരമൗണ്ട് നെറ്റ്‌വർക്കുമായുള്ള ലൈസൻസ് എഗ്രിമെൻറ് പ്രകാരം ജിയോസ്റ്റാറാണ് അമേരിക്കൻ നെറ്റ്‌വർക്കിന്റെ 1996ൽ തുടങ്ങിയ ഇന്ത്യൻ വേർഷന്റെ ഉടമകൾ. മിക്ക പ്രോഗ്രാമുകളും ഹിന്ദിയിലാണ്. എംടിവി ഇന്ത്യയുടെ ആസ്ഥാനം മുംബൈയിലാണ്. എംടിവി ഇന്ത്യയുടെ പ്രവർത്തനം തടസപ്പെടുമോ എന്ന് ഈ ഘട്ടത്തിൽ വ്യക്തമല്ല.

യുണൈറ്റഡ് കിംഗ്ഡം, അയർലൻഡ് എന്നിവിടങ്ങളിലാകും ആദ്യം അടച്ചുപൂട്ടൽ ബാധിക്കുക. തുടർന്ന് യൂറോപ്പിലും മറ്റ് അന്താരാഷ്ട്ര വിപണികളിലും അടച്ചുപൂട്ടൽ ഉണ്ടാകും. ഓസ്ട്രേലിയ, പോളണ്ട്, ഫ്രാൻസ്, ബ്രസീൽ, ജർമനി, ഓസ്ട്രിയ, ഹംഗറി തുടങ്ങി നിരവധി രാജ്യങ്ങളിലെ എംടിവി മ്യൂസിക് ചാനലുകളും പാരാമൗണ്ട് ആലോചിക്കുന്നുണ്ട്.

കാഴ്ചക്കാരുടെ എണ്ണത്തിൽ വന്ന മാറ്റങ്ങളുടെ പശ്ചാത്തലത്തിലാണ് എംടിവി മ്യൂസിക് ചാനലുകൾ നിർത്തുന്നതെന്നാണ് കരുതുന്നത്. ടിക് ടോക്ക്, യുട്യൂബ്, സ്പോട്ടിഫൈ എന്നിവ സംഗീത ലോകം കീഴടക്കിയതോടെ എംടിവി ചാനലിലൂടെ മ്യൂസിക് വീഡിയോകൾ കാണുന്ന ആളുകളുടെ എണ്ണം കുറഞ്ഞു.

# മോട്ടറോള സ്മാർട്ട്ഫോണുകൾക്ക് ദീപാവലി ഓഫർ

**കൊച്ചി:** മോട്ടറോള സ്മാർട്ട്ഫോണുകൾക്ക് വൻ ഓഫറുകളുമായി ഫ്ളിപ്കാർട്ട് ബിഗ് ബാംഗ് ദീപാവലി സെയിൽ. മോട്ടറോളയുടെ മുൻനിര സ്മാർട്ട്ഫോണുകളായ മോട്ടറോള എഡ്ജ് 60 പ്രൊ, എഡ്ജ് 60 ഫ്യൂഷൻ, മോട്ടോ ജി96 5ജി, മോട്ടോ ജി86 പവർ, മോട്ടറോള റേസർ 60 എന്നിവ മികച്ച ഓഫറുകളോടെ സ്വന്തമാക്കാമെന്ന് അധികൃതർ വ്യക്തമാക്കി.

29,999 വിലയുള്ള മോട്ടറോള എഡ്ജ് 60 പ്രോ (8+256ജിബി മോഡൽ) 24,999 രൂപക്ക് ലഭിക്കും. ഒപ്പം, 33,999 വിലയുള്ള 12+256ജിബി മോഡൽ 28,999 രൂപക്കും, 37,999 വിലയുള്ള 16+512ജിബി മോഡൽ 32,999 എന്നീ വിലകളിലും ലഭ്യമാണ്. മോട്ടറോള എഡ്ജ് 60 ഫ്യൂഷന് 18,999 (8+256ജിബി), 20,999 (12+256ജിബി) എന്നിങ്ങനെ പ്രത്യേക വിലകിഴിവ്, മോട്ടോ ജി96 5ജിക്ക് 14,999 (8+128ജിബി), 16,999 (8+256ജിബി) എന്ന പ്രത്യേക നിരക്ക്, മോട്ടോ ജി86 പവർ (8+128ജിബി) ഉത്സവകാല വിലയായ 14,999 എന്നിങ്ങനെയുള്ള നിരക്കുകളിൽ ലഭ്യമാണ്. കൂടാതെ മോട്ടറോളയുടെ ഫോൾഡബിൾ ഫോണായ റേസർ 60 8+256ജിബി മോഡലിനു 39,999 എന്ന ഉത്സവകാല വിലയിലും ലഭ്യമാണ്.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 9%*
വാർഷിക പലിശ
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply

# വനിതാ സംരംഭകർക്ക് വ്യവസായ പാർക്ക് സ്ഥാപിക്കും: മന്ത്രി പി. രാജീവ്

**തൃശ്ശൂർ:** സംസ്ഥാനത്തെ വനിതാ സംരംഭകർക്ക് വേണ്ടി വനിത വ്യവസായ പാർക്ക് സ്ഥാപിക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. കേരള വുമൺ ഓൺട്രപ്രണേഴ്സ് കോൺക്ലേവ് 2025 തൃശ്ശൂർ ലുലു കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഈ നീക്കത്തിലൂടെ സ്ത്രീ സംരംഭകരെ വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് എത്തിക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി വലിയ തോതിൽ വനിതാ സംരംഭകർ മുന്നോട്ട് വരുന്നുണ്ടെന്നും, സംരംഭക വർഷത്തിന്റെ ഭാഗമായി രജിസ്റ്റർ ചെയ്ത സംരംഭകരിൽ 31% സ്ത്രീകളാണ് എന്നതും ഇതിന് ഉദാഹരണമാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി. 1000 സംരംഭങ്ങളെ ശരാശരി നൂറ് കോടി രൂപ വിറ്റുവരവുള്ള സംരംഭങ്ങളാക്കി മാറ്റാൻ ലക്ഷ്യമിടുന്ന മിഷൻ 1000 പദ്ധതിയുമായി വ്യവസായ വകുപ്പ് മുന്നോട്ട് പോകുന്നതായി മന്ത്രി പറഞ്ഞു.

ഇതിനോടകം 444 സംരംഭങ്ങളെ പദ്ധതിക്കായി തിരഞ്ഞെടുത്ത് കഴിഞ്ഞു. ഇതിനൊപ്പം തന്നെ പതിനായിരം സംരംഭങ്ങളെ ഒരു കോടി വിറ്റ് വരവുള്ള സംരംഭങ്ങളാക്കി മാറ്റുന്നതിനായി മിഷൻ 10000 പദ്ധതിയും മുന്നോട്ട് വെയ്ക്കുന്നതായി മന്ത്രി പറഞ്ഞു. സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ സുപ്രധാനമായ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലെ വീടുകളുടെ 50% വരെ സംരംഭം തുടങ്ങാനുള്ള സൗകര്യം ഇതിലൂടെ ലഭിക്കും. ഒഴിഞ്ഞ് കിടക്കുന്ന വീടുകളിൽ 100% സംരംഭം തുടങ്ങാൻ കഴിയും. സംരംഭകർക്ക് വേണ്ട നൈപുണ്യ വികസനവും സർക്കാർ ഉറപ്പാക്കും. കൂടാതെ, സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിദേശ എക്സിബിഷനുകളിൽ പങ്കെടുപ്പിക്കുന്നതിന ആവശ്യമായ സാമ്പത്തിക സഹായം വ്യവസായ വകുപ്പ് നൽകുന്നുണ്ട്. ഓൺലൈൻ വിപണി സജീവമാക്കാൻ ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കാൻ സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിവിധ ജില്ലകളിൽ നിന്നായി 1200ഓളം വനിതാ സംരംഭകർ പങ്കെടുത്ത കോൺക്ലേവിൽ, ഒരു സംരംഭം തുടങ്ങാൻ ആവശ്യമായ എല്ലാ സഹായങ്ങളും ഒരിടത്ത് ലഭിക്കുന്ന ഏകജാലക സംവിധാനമാണ് ഏറ്റവും വലിയ ആകർഷണമായത്. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, UDYAM, KSWIFT, GST തുടങ്ങിയ സർക്കാർ ഹെൽപ് ഡെസ്കുകൾ, ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവയുമായി നേരിട്ട് ബന്ധപ്പെടാനുള്ള സംവിധാനം സംരംഭകർക്ക് ഏറെ പ്രയോജനപ്പെട്ടു.



സാങ്കേതികവിദ്യാധിഷ്ഠിത ഉൽപ്പാദനത്തിൽ വനിതകളുടെ പ്രാധാന്യം എന്ന വിഷയത്തിലും, കേന്ദ്രസംസ്ഥാന സർക്കാരുകൾ വനിതാ സംരംഭകർക്ക് നൽകുന്ന പിന്തുണ പദ്ധതികളെക്കുറിച്ചും പ്രത്യേക പാനൽ ചർച്ചകളും കോൺക്ലേവിന്റെ ഭാഗമായി നടന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ ബിന്ദു കോൺക്ലേവ് സന്ദർശിച്ച് സംരംഭകരുമായി ആശയ വിനിമയം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് അധ്യക്ഷനായ ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. മുഖ്യ പ്രഭാഷണം നടത്തി. വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആനി ജ്യൂല തോമസ് ഐ.എ.എസ്, വ്യവസായ വകുപ്പ് ഡയറക്ടർ പി. വിഷ്ണുരാജ് ഐ.എ.എസ്, കെ.എസ്.ഐ.ഡി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ ആർ. ഹരികൃഷ്ണൻ ഐ.ആർ.ടി.എസ്, ബി.പി.ടി. എക്സിക്യൂട്ടീവ് ചെയർമാൻ കെ. അജിത്കുമാർ, ഫിക്കി പ്രതിനിധി ജ്യോതി ദീപക് അശ്വനി തുടങ്ങിയവർ പങ്കെടുത്തു.

# കൊച്ചി നേവി മാരത്തൺ ഡിസംബർ 21ന്




**കൊച്ചി:** ദക്ഷണമേഖല നാവിക കമാൻഡ് സംഘടിപ്പിക്കുന്ന കൊച്ചി നേവി മാരത്തണിന്റെ (കെഎൻഎം 25) ആറാം പതിപ്പ് നാവികസേനാ ദിനാഘോഷങ്ങളുടെ ഭാഗമായി ഡിസംബർ 21ന് നടക്കുമെന്ന് കെഎൻഎം25ന്റെ ഓർഗനൈസറും നേവൽ എയർക്രാഫ്റ്റ് യാർഡ് സൂപ്രണ്ടുമായ കമഡോർ സുധീർ റെഡ്ഡി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കഴിഞ്ഞ നേവി മാരത്തണിന് 5,000 പേരായിരുന്നു പങ്കെടുത്തത്. എന്നാൽ ഇത്തവണ വിവിധ പ്രായത്തിലുള്ള ഏഴായിരത്തിലധികം പേർ നേവി മാരത്തണിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഹാഫ് മാരത്തൺ (21 കിലോമീറ്റർ), 10 കിലോമീറ്റർ, ഫൺ റൺ (അഞ്ച് കിലോമീറ്റർ) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് മത്സരം നടത്തുക. ഇതാദ്യമായി 'ഫാമിലി റണ്ണും' നേവി മാരത്തണിലുണ്ട്. അഞ്ച് കിലോമീറ്റർ ഫൺ റണ്ണിന്റെ ഭാഗമായിട്ടായിരിക്കും ഫാമിലി റൺ നടത്തുക. 12 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുള്ള കുടുംബങ്ങൾക്ക് ഒരുമിച്ച് ഓടാം. രണ്ട് കുട്ടികൾക്ക് വരെ മാതാപിതാക്കൾക്കൊപ്പം ഈ ഫാമിലി ഓട്ടത്തിൽ പങ്കെടുക്കാം. വില്ലിങ്ടൺ ഐലൻഡിലെ പോർട്ട് ട്രസ്റ്റ് കേന്ദ്രീയ വിദ്യാലയത്തിന് (പോർട്ട് ട്രസ്റ്റ് ഗ്രൗണ്ട്) സമീപമുള്ള കെ.കെ പ്രേമചന്ദ്രൻ സ്പോർട്സ് കോംപ്ലക്സിൽ നിന്നാണ് മരത്തൺ തുടങ്ങുക. റൂട്ട് സംബന്ധിച്ചുള്ള വിശദീകരണം വൈകാതെ പുറത്ത് വിടും.മാരത്തണിന്റെ ഓൺലൈൻ രജിസ്ട്രേഷൻ www.kochinavymarathon.com എന്ന വെബ്സൈറ്റിലൂടെ തുടങ്ങിക്കഴിഞ്ഞെന്നും കമഡോർ സുധീർ റെഡ്ഡി വ്യക്തമാക്കി. ഓക്ടോബർ 31ന് മുമ്പ് രജിസ്റ്റർ ചെയ്യുന്നവർക്ക് സൂപ്പർ ഏർലി ബേർഡ് ഡിസ്ക്കൗണ്ടായി 25 ശതമാനവും നവംബർ 15ന് മുൻപായി രജിസ്റ്റർ ചെയ്യുന്നവർക്ക് ഏർലി ബേർഡ് ഡിസ്ക്കൗണ്ടായി 10 ശതമാനവും രജിസ്ട്രേഷൻ ഫീസിൽ ഇളവ് ലഭിക്കും ഇരുപതോ അതിലധികമോപേരുള്ള ഗ്രൂപ്പ് ആയി രജിസ്റ്റർ ചെയ്യുന്നവർക്ക് 20 ശതമാനവും ഡിസ്കൗണ്ട് ലഭിക്കും. ഇതരസംസ്ഥാനങ്ങളിൽ നിന്നും കൂടാതെ കേരളത്തിലെ സ്കൂളുകൾ, കോളേജുകൾ, കോർപ്പറേറ്റ് കമ്പനികൾ എന്നിവിടങ്ങളിൽ നിന്നും സ്ഥിരമായി മരത്തണിൽ പങ്കെടുക്കുന്നവർ, അമേച്ചർ ഓട്ടക്കാർ, കുടുംബങ്ങൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ നിന്ന് റെക്കോഡ് പങ്കാളിത്തമാണ് ഇത്തവണ പ്രതീക്ഷിക്കുന്നത്. ഇക്കാരണത്താൽ ഒരുക്കങ്ങളും വിപുലമായ തോതിലാണ്. മാരത്തണിന് മുന്നോടിയായി നവംബർ, ഡിസംബർ മാസങ്ങളിൽ കൊച്ചിയിലെ പ്രധാന ഇടങ്ങളിൽ 'പ്രമോ റൺ' സംഘടിപ്പിക്കുമെന്നും കമഡോർ സുധീർ റെഡ്ഡി പറഞ്ഞു.

# ബ്ലാസ്റ്റേഴ്സ് കോർപ്പറേറ്റ് കപ്പിന് കിക്കോഫ്



**കൊച്ചി:** കേരള ബ്ലാസ്റ്റേഴ്സ് ഫുട്ബോൾ ക്ലബ്ബിന്റെയും സിമ്പിൾ എനെർജിയുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന സിമ്പിൾ എനർജി ബ്ലാസ്റ്റേഴ്സ് കോർപ്പറേറ്റ് കപ്പ് 2025 ഫുട്ബോൾ ടൂർണമെന്റിന് തുടക്കമായി. സിനിമാ താരം തോമസ് മാത്യൂസ് ഉൽഘാടനം ചെയ്തു. കേരള ബ്ലാസ്റ്റേഴ്സ് എഫ്സി സ്പോൺസർഷിപ്പ്, കൊമേഴ്സ്യൽ & റെവന്യൂ വിഭാഗം മേധാവി രഘു രാമചന്ദ്രൻ, സിമ്പിൾ എനർജി പ്രതിനിധി ആക്ടിവ്ബേസ് പ്രതിനിധി ഹരി, ടൈകേരള മുൻ പ്രസിഡന്റ് ഡോ. ജസീൽ, ഡോ. ജോർജ്ജ് എന്നിവരും സംസാരിച്ചു.സിനിമാ താരങ്ങളായ വിഷ്ണു അഗസ്ത്യ, മീനാക്ഷി, ശരത് സഭ എന്നിവരും ഇൻഫ്ളുവൻസർമാരായ മോനിഷ മോഹൻ, അനഘ കുട്ടീ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ഐബിഎസ് സോഫ്റ്റ്വെയർ, പീക്കേ സ്റ്റീൽ, എക്സ്പീരിയൻ ടെക്നോളജീസ്, ഗാഡ്ജിയോൺ, ടാറ്റ കൺസൾട്ടൻസി സർവീസസ്, എച്ച് ആൻഡ് ആർ ബ്ലോക്ക്, ലുലു ഫോറെക്സ്, ഗ്രൂപ്പ് മീരാൻ, ആംഫെനോൾ, എച്ച്ടിഐസി ഗ്ലോബൽ, കീവാല്യൂ സിസ്റ്റംസ്, വെബ്ആൻഡ്ക്രാഫ്റ്റ്സ് എന്നീ 12 പ്രമുഖ കോർപ്പറേറ്റ് ടീമുകളും, വനിതാ വിഭാഗത്തിൽ വിപ്രോ, യുഎസ്റ്റി, ടിസിഎസ്, ടാറ്റ എൽക്സി തുടങ്ങിയ ടീമുകളും ആണ് ടൂർണമെന്റിൽ 7എസൈഡ് ഫുട്ബോൾ ഫോർമാറ്റിൽ കിരീടത്തിനായി പോരാടുന്നത്. ചാമ്പ്യൻമാർക്ക് 50,000 രൂപയും റണ്ണേഴ്സ് അപ്പിന് 25,000 രൂപയും ക്യാഷ് പ്രൈസായി നൽകും. ആക്റ്റീവ്ബേസ് പ്രീമിയർ മൾട്ടി സ്പോർട്സ് യൂട്ടിലിറ്റി സെന്ററിലാണ് എല്ലാ മത്സരങ്ങളും നടക്കുന്നത്. കോർപ്പറേറ്റ് പ്രൊഫഷണലുകൾക്കിടയിൽ കായികക്ഷമത, ടീം വർക്ക്, സൗഹൃദം, എന്നിവ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ബ്ലാസ്റ്റേഴ്സ് കോർപ്പറേറ്റ് കപ്പിന് തുടക്കമിട്ടിരിക്കുന്നത്.

## മനുഷ്യവന്യജീവി സംഘർഷം പരിഹരിക്കാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പാക്കും: മന്ത്രി എ.കെ. ശശീന്ദ്രൻ

**ഇടുക്കി:** മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വ്യത്യസ്ത അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പാക്കുമെന്ന് വനം വന്യജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ. മനുഷ്യവന്യജീവി സംഘർഷം ലഘൂകരണം മൂന്നാം ഘട്ട അവലോകന യോഗം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പരിഹാരമാർഗങ്ങളാണ് വനം വകുപ്പ് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായാണ് 45 ദിവസം നീളുന്ന തീവ്രയജ്ഞ പരിപാടി നടപ്പാക്കുന്നത്.

മൂന്ന് ഘട്ടമായാണ് തീവ്രയജ്ഞ പരിപാടി സംഘടിപ്പിക്കുന്നത്. സെപ്തംബർ 16 മുതൽ 30 വരെ ഒന്നാം ഘട്ടവും ഒക്ടോബർ ഒന്നു മുതൽ 15 വരെ രണ്ടാം ഘട്ടവും ഒക്ടോബർ 16 മുതൽ 30 വരെ മൂന്നാം ഘട്ടവുമായാണ് പരിപാടി നടപ്പാക്കുന്നത്.

വനം വകുപ്പിനെ കൂടുതൽ ജനസൗഹൃദമാക്കുക എന്ന ലക്ഷ്യവും പരിപാടിക്കുണ്ട്. ഒന്നാം ഘട്ടത്തിൽ 400 പഞ്ചായത്തുകളിലാണ് പരിപാടി സംഘടിപ്പിച്ചത്. 30 പഞ്ചായത്തുകളിൽ തീവ്ര വന്യജീവി പ്രശ്നങ്ങൾ നേരിടുന്നവയാണ്. ഇവിടുത്തെ പ്രശ്നം പരിഹരിക്കുന്നതിനാണ് സർക്കാർ മുന്നോട്ട് വന്നത.

# ആരോഗ്യ വകുപ്പിന്റെ വെബ് പോർട്ടൽ പ്രകാശനം ചെയ്തു

**പത്തനംതിട്ട:** സംസ്ഥാനത്തെ ആരോഗ്യ വിവരം സംബന്ധിച്ച ഔദ്യോഗിക വെബ്പോർട്ടൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് തിരുവല്ല ബിലിവേഴ്സ് കൺവെൻഷൻ സെന്ററിൽ പ്രകാശനം ചെയ്തു. ആരോഗ്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി രാജൻ എൻ. ഖോബ്രഗഡെ വിവരണം നടത്തി. ആരോഗ്യ വകുപ്പ് സംഘടിപ്പിച്ച 'വിഷൻ 2031' എന്ന ആരോഗ്യ സെമിനാറിലായിരുന്നു പ്രകാശനം. health.kerala.gov.in എന്നതാണ് പോർട്ടലിന്റെ അഡ്രസ്. സിഡിറ്റ് ആണ് പോർട്ടൽ നിർമിച്ചത്.

ആരോഗ്യമേഖലയിലെ നേട്ടം, പ്രവർത്തനം, ആധികാരിക വിവരം, ബോധവൽകരണം തുടങ്ങിയവ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവരിലും ഗവേഷകരിലും എത്തിക്കുകയാണ് പോർട്ടലിന്റെ ലക്ഷ്യം. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള 10 വകുപ്പുകൾ, 30 സ്ഥാപനങ്ങൾ എന്നിവയുടെ വെബ്സൈറ്റുകളെ കോർത്തിണക്കിയാണ് പോർട്ടൽ ഒരുക്കിയത്. ഡാഷ്ബോർഡിൽ കേരളത്തിന്റെ ആരോഗ്യരംഗത്തെ ജനസംഖ്യാ പരിവർത്തനം സംബന്ധിച്ച ഗ്രാഫുകൾ, ടേബിളുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ മേഖല സംബന്ധിച്ച് ജനങ്ങൾക്കാവശ്യമുള്ള നിയമങ്ങൾ, മാർഗനിർദേശങ്ങൾ, ഉത്തരവുകൾ എന്നിവയും ലഭ്യമാണ്.

ആരോഗ്യ വിവരങ്ങൾക്ക് പുറമെ പ്രധാനപ്പെട്ട ബോധവൽകരണ പോസ്റ്ററുകൾ, വീഡിയോകൾ എന്നിവയുമുണ്ട്. ബോധവൽകരണം ശക്തമാക്കാൻ പോർട്ടലിനോടനുബന്ധിച്ച് പ്രത്യേക ഫേസ്ബുക് പേജ്, യൂട്യൂബ് ചാനൽ, എക്സ് പേജ്, ഇൻസ്റ്റഗ്രാം പേജ് എന്നിവയും ആരംഭിച്ചിട്ടുണ്ട്.

# പുഷ്പഗിരി ഡെന്റൽ കോളജിൽ ബിരുദദാനം

**തിരുവല്ല:** പുഷ്പഗിരി കോളജ് ഓഫ് ഡെന്റൽ സയൻസ് പതമൂന്നാം ബാച്ചിന്റെ ബിരുദദാന ചടങ്ങ് നടന്നു. പുഷ്പഗിരി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് സിഇഒ റവ.ഡോ. ബിജു വർഗീസ് പയ്യമ്പള്ളി അധ്യക്ഷത വഹിച്ച യോഗത്തിൽ കേരള ആരോഗ്യ സർവകലാശാല യുജി ബോർഡ് ചെയർമാൻ ആൻഡ് അക്കാഡമിക്ക് കൗൺസിൽ മെംബർ ട്രാവൻകൂർ ഡെന്റൽ കോളജ് ഡീൻ ഡോ. ഈപ്പൻ ചെറിയാൻ മുഖ്യാതിഥി ആയിരുന്നു.

ആധുനിക ദന്തപരിശോധന ചികിത്സാ സംവിധാനങ്ങൾ പ്രായോഗിക തലത്തിൽ ജനങ്ങളിൽ എത്തിക്കുവാനും ഗവേഷണ താല്പര്യങ്ങൾക്ക് ഊന്നൽ കൊടുക്കുവാൻ ശ്രദ്ധിക്കണമെന്നും ഡോ. ഈപ്പൻ ചെറിയാൻ നിർദ്ദേശിച്ചു.

പുഷ്പഗിരി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് പേട്രൺ മെട്രോപോളിൻ ആർച്ച് ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണവും സന്ദേശവും നൽകി.

മെഡിസിറ്റി, പുഷ്പഗിരി മെഡിക്കൽ കോളജ് ആൻഡ് റിസർച്ച് സെന്റർ ഡയറക്ടർ റവ. ഡോ. മാത്യു മഴുവൻചേരി, പ്രിൻസിപ്പൽ ഡോ.എ. ദേവദത്തൻ, വൈസ് പ്രിൻസിപ്പൽ ഡോ. റിനോ രൂപക് സോമൻ, ഡോ. ഇസ്വിൻ എം. തോമസ്, ഡോക്ടർ പ്രമിത ജോർജ് എന്നിവർ പ്രസംഗിച്ചു.

## വൺ ടു വൺ പദ്ധതി: ആലപ്പുഴ ജില്ലയിൽ 1900 വോളന്റിയർമാരായി

**ആലപ്പുഴ:** ജില്ലാപഞ്ചായത്തും ജില്ലാ ആരോഗ്യ വകുപ്പും ജില്ലാ പാലിയേറ്റിവും ചേർന്ന് നടപ്പിലാക്കുന്ന വൺ ടു വൺ പദ്ധതിക്ക് 1900 വോളന്റിയർമാരായി. ഒരു പാലിയേറ്റീവ് രോഗിക്ക് ഒരു വോളന്റിയർ എന്നതാണ് വൺ ടു വൺ പദ്ധതി. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കഴിഞ്ഞ രണ്ട് മാസക്കാലമായി പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വോളന്റിയർ രജിസ്ട്രേഷനിൽ മലപ്പുറത്തിനും കോഴിക്കോടിനും തൊട്ടുപിന്നിൽ ആലപ്പുഴ ജില്ലയാണ്.

ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 23 പഞ്ചായത്തിൽ നിന്നാണ് വോളന്റിയർമാരെ തെരഞ്ഞെടുത്തത്. 2230 ബെഡഡ് പാലിയേറ്റീവ് രോഗികളാണുള്ളത്. ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിൽ നിന്ന് ഓരോ പഞ്ചായത്ത് തെരഞ്ഞെടുത്തു. ജനപ്രതിനിധികൾ, പ്രൈമറി സെക്കന്ററി എംഎൽഎസ്പി നഴ്സുമാർ ആശാവർക്കർമാർ, അംഗനവാടി ടീച്ചർമാർ, കുടുംബശ്രീ ആരോഗ്യ വോളന്റിയർ സന്നദ്ധപ്രവർത്തകരുടെ യോഗം ചേർന്ന് പദ്ധതിയെ സംബന്ധിച്ച് വിശദീകരിക്കുകയും ഒരു രോഗിയ്ക്ക് ഒരു വോളന്റിയർ പ്രകാരം രജിസ്ട്രേഷൻ ആരംഭിക്കുകയും ചെയ്തു. ജില്ലയിലെ 15 പഞ്ചായത്തുകൾ വോളന്റിയർ രജിസ്ട്രേഷൻ പൂർത്തീകരിച്ചു.

എല്ലാ പഞ്ചായത്തിലും വോളന്റിയർ ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. അടുത്ത ഘട്ടമായി 3 ദിവസത്തെ ട്രെയ്നിംഗ് എല്ലാ വോളന്റിയർമാർക്കും നൽകും.

അടുത്ത 23 പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് വൺ ടു വൺ പദ്ധതി നടപ്പിലാക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി പറഞ്ഞു. യോഗത്തിൽ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എം വി പ്രിയ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ അഡ്വ.ആർ റിയാസ്, ശോഭ, എൻ എച്ച്എം ജില്ലാ പ്രോഗ്രാം ഓഫീസർ ഡോ. കോശി, പാലിയേറ്റീവ് ജില്ലാ കോഡിനേറ്റർ ട്രീസ, പ്രൈമറി, സെക്കന്ററി നഴ്സുമാർ, എംഎൽഎസ്പി നഴ്സുമാർ എന്നിവർ പങ്കെടുത്തു.



# കോട്ടൂർ സ്മാർട്ട് കൃഷിഭവൻ മന്ത്രി പി. പ്രസാദ് നാടിന് സമർപ്പിച്ചു

**കോഴിക്കോട്:** കർഷകരുടെ അഭിവൃദ്ധിയും സന്തോഷവും സമൂഹത്തിന്റെയും സർക്കാരിന്റെയും പൂർണ ഉത്തരവാദിത്തമാണെന്ന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ്. ഇത് മനസ്സിലാക്കിക്കൊണ്ടാണ് സർക്കാർ പ്രവർത്തിക്കുന്നതെന്നും കോട്ടൂർ ഗ്രാമപഞ്ചായത്ത് കൃഷിഭവൻ സ്മാർട്ട് കൃഷിഭവനായി ഉയർത്തിയതിന്റെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മന്ത്രി പറഞ്ഞു.

കൃഷിഭവനുകൾ സ്മാർട്ടാകുന്നതിനൊപ്പം കർഷകരുടെ ആവശ്യങ്ങൾ കാലതാമസമില്ലാതെ നടപ്പിലാക്കാൻ ഉദ്യോഗസ്ഥർക്കാകണം. നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തി കർഷകരുടെ വരുമാന മാർഗ്ഗം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ ഉദ്യോഗസ്ഥർ കൃഷിയിടങ്ങൾ സന്ദർശിക്കണമെന്നും മന്ത്രി പറഞ്ഞു.

പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 80 ലക്ഷം രൂപ വിനിയോഗിച്ചാണ് അത്യാധുനിക സൗകര്യങ്ങളോടെയുള്ള കോട്ടൂർ കൃഷിഭവന്റെ പുതിയ കെട്ടിടം നിർമ്മിച്ചത്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന 'ഉയരെ കോട്ടൂർ' സാംസ്കാരിക കലാമേളയുടെയും കേര ഗ്രാമം പദ്ധതിയുടെയും ഉദ്ഘാടനം മന്ത്രി നിർവഹിച്ചു. മുതിർന്ന കർഷകൻ ബാലകൃഷ്ണൻ നായർ കരുവള്ളൂമ്മേലിനെ ചടങ്ങിൽ ആദരിച്ചു.

ചടങ്ങിൽ കെ എം സച്ചിൻ ദേവ് എംഎൽഎ അധ്യക്ഷനായി. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി കെ അനിത, വൈസ് പ്രസിഡന്റ് ടി എം ശശി, കോട്ടൂർ പഞ്ചായത്ത് പ്രസിഡന്റ് സി എച്ച് സുരേഷ്, സെക്രട്ടറി പി എൻ നിഖിൽ, വൈസ് പ്രസിഡൻറ് വിലാസിനി പൊയിലിൽ, അസിസ്റ്റൻറ് എൻജിനീയർ കെ സി സുധീർനാഥ്, കോട്ടൂർ കൃഷി ഓഫീസർ മറിയുമ്മ, കൃഷി ഓഫീസർ പ്രിൻസിപ്പൽ ടി പി അബ്ദുൽ മജീദ്, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ കെ ഷൈൻ, എം സിന്ധു, കെ കെ സിജിത്ത്, സി ഡി എസ് ചെയർപേഴ്സൺ ഷീന, കേരഗ്രാമം കൺവീനർ പി കെ ബാലൻ മാസ്റ്റർ, ജില്ലാബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, കാർഷിക വികസന സമിതി പ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



# ഹാർമണി ലൈബ്രറി ആന്റ് റീഡിംഗ് റൂം തുറന്നു

**കൊച്ചി:** തൃപ്പൂണിത്തുറ റോട്ടറി ക്ലബ്ബ് കൊച്ചിൻ കോർപ്പറേഷനുമായി സഹകരിച്ച്, ഗാന്ധി സ്ക്വയർ മുനിസിപ്പൽ പാർക്കിൽ ഒരുക്കിയ ലൈബ്രറിയുടെയും റീഡിംഗ് റൂമിന്റെയും ഉദ്ഘാടനം റോട്ടറി ഡിസ്ട്രിക്ട് ഗവർണർ ഡോ. ജി എൻ രമേഷ് നിർവഹിച്ചു. സാഹിത്യകാരൻ എൻ. എസ് മാധവൻ മുഖ്യാഥിതിയായിരുന്നു. പൊതുസമൂഹത്തിന്റെ വായനയോടുള്ള ആഭിമുഖ്യം വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് റോട്ടറി ക്ലബ്ബ് കൊച്ചിൻ കോർപ്പറേഷന്റെ പൂണിത്തുറ മിനി ബൈപ്പാസിലുള്ള മുനിസിപ്പൽ പാർക്കിൽ ലൈബ്രറി ആന്റ് റീഡിംഗ് റൂം സ്ഥാപിച്ചത്. തൃപ്പൂണിത്തുറ റോട്ടറി ക്ലബ് സംഘടിപ്പിച്ച മലയാളം, ഇംഗ്ലീഷ് കവിതാ രചന മത്സരത്തിലെ വിജയികളേയും പ്രഖ്യാപിച്ചു. റോട്ടറി ഡിസ്ട്രിക്ട് അസിസ്റ്റന്റ് ഗവർണർ സിജോ തോമസ്, വാർഡ് കൗൺസിലർ ഡോ. ഷൈലജ ടി കെ, റോട്ടറി ക്ലബ്ബ് പ്രസിഡന്റ് രാധാകൃഷ്ണൻ നായർ, സെക്രട്ടറി സുജേഷ് സത്യൻ, ഇവന്റ് ചെയർ ഡോ. ചിത്ര പ്രദീപ് തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. കവിതാ രചന മത്സരങ്ങളുടെ ജഡ്ജിംഗ് പാനലിന്റെ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും പ്രൊഫ. രതി മേനോൻ ചടങ്ങിൽ അവതരിപ്പിച്ചു. ഇന്ത്യക്ക് അകത്തുനിന്നും വിദേശത്ത് നിന്നുമായി ആയിരത്തിലേറെ കുട്ടികൾ മത്സരത്തിൽ പങ്കെടുത്തിരുന്നു. ഇംഗ്ലീഷ് കവിതയിൽ മാനസ്വി ലിംഗം നവി മുംബൈ, ഡി ആർ യാസിനി ചെന്നൈ, മാളവിക നായർ കോഴിക്കോട്, ഡി ഹർഷ നന്ദിനി എറണാകുളം എന്നിവർ വിജയികളായി. മലയാളം കവിതയിൽ സിനാഷ കാസർക്കോട്, സ്നേഹകണ്ണൻ കുഴൽമന്നം, കാർത്തിക മുതലമട, ചിന്ത പി കെ കാരാകുർശ്ശി എന്നിവരാണ് വിജയികൾ.

# അയൽക്കൂട്ടങ്ങളിൽ 25,000 സോഷ്യൽ സെല്ലർമാർ; പുതു ചുവടുവെപ്പിലേക്ക് കുടുംബശ്രീ

**കോഴിക്കോട്:** ഉൽപന്നങ്ങൾ വീടുകളിലെത്തിക്കാൻ 'സോഷ്യൽ സെല്ലർ'മാരെ നിയോഗിച്ച് കുടുംബശ്രീ പുതുചുവടുവെപ്പിലേക്ക്. ഓരോ സിഡിഎസിന് കീഴിലുമുള്ള അയൽക്കൂട്ടങ്ങളിൽനിന്നായി 25,000ത്തിൽ പരം കുടുംബശ്രീ സോഷ്യൽ സെല്ലർമാരാണ് നവംബർ ഒന്ന് മുതൽ ജില്ലയിൽ രംഗത്തിറങ്ങുക. ഇവർക്ക് നേതൃത്വം നൽകാൻ ഓരോ സിഡിഎസിലും ഓരോ സ്വാശ്രയഗ്രാമം മെന്റർമാരെയും നിയമിക്കും.

അയൽക്കൂട്ട പരിധിയിലെ വീടുകളിൽനിന്ന് കുടുംബശ്രീ ഉൽപന്നങ്ങൾക്ക് ഓർഡർ ശേഖരിക്കുകയും എത്തിച്ചുനൽകുകയും ചെയ്യുകയാണ് 'കുടുംബശ്രീ സോഷ്യൽ സെല്ലർ'മാർ ചെയ്യുക. വിൽപ്പനക്കനുസരിച്ച് ഇവർക്ക് കമ്മീഷൻ ലഭ്യമാക്കും. സ്വാശ്രയഗ്രാമം മെന്റർമാർക്ക് പ്രതിമാസം 15000 രൂപയിലധികം വരുമാനവും ഉറപ്പാക്കും. കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളുടെ വീടുകളിലും അയൽക്കൂട്ട പരിധിയിലെ മറ്റു വീടുകളിലും സ്ഥിരമായി മായവും കലർപ്പുമില്ലാത്ത ഉൽപന്നങ്ങൾ എത്തിച്ചു നൽകുകയും കുടുംബശ്രീ ഉൽപന്നങ്ങളുടെ ഉപഭോഗം ജനങ്ങളുടെ ശീലമാക്കി മാറ്റുകയും ചെയ്യുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഉൽപന്നങ്ങൾക്ക് ആവശ്യക്കാർ കൂടുന്നതിനനുസരിച്ച് കൂടുതൽ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കാനാവുമെന്നും ഇതിലൂടെ വനിതകൾക്ക് കൂടുതൽ തൊഴിവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷ.

വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ ആവിഷ്കരിച്ച് നടപ്പാക്കുന്ന സ്വാശ്രയഗ്രാമം ക്യാമ്പയിനിന്റെ ഭാഗമായി 25000ത്തിലധികം പേർക്ക് പദ്ധതിയിലൂടെ സ്ഥിരവരുമാനം ലഭ്യമാകും. മുഴുവൻ സിഡിഎസുകളിലും നവംബർ ഒന്നിന് സ്വാശ്രയഗ്രാമം പ്രഖ്യാപനം നടക്കും. കുടുംബശ്രീ അംഗങ്ങളും പ്രവർത്തകരും ജനപ്രതിനിധികളും പങ്കെടുക്കുന്ന പ്രഖ്യാപന പരിപാടിക്ക് സിഡിഎസ് തലത്തിൽ സ്വാഗതസംഘങ്ങളും രൂപീകരിക്കും.



# ഭവൻസ് മാനേജ്മെന്റ് ഫെസ്റ്റ് സംഘടിപ്പിച്ചു

**കൊച്ചി:** ഭവൻസ് റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തൃപ്പൂണിത്തുറ മാനേജ്മെന്റ് ഫെസ്റ്റ് 'കാസ ഡെ ഗെസ്റ്റോ 2025' എംബിഎ കോളേജ് ക്യാമ്പസിൽ നടന്നു. ഭാരതീയ വിദ്യാഭവൻ ചെയർമാൻ വേണുഗോപാൽ സി. ഗോവിന്ദ് ഉദ്ഘാടനം ചെയ്തു. പി എൻ ബി ചീഫ് മാനേജർ റിനു ഫ്രാൻസിസ് സമ്മാന ദാനം നിർവഹിച്ചു. ഇ. രാമൻകുട്ടി, ഭാരതീയ വിദ്യാഭവൻ ഡയറക്ടർ ശ്രീലാൽ, ഭവൻസ് റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഡീൻ ഡോ. ദീപാ ഉണ്ണിത്താൻ തുടങ്ങിയവർ പങ്കെടുത്തു.

# നാവികസേനാ ദിനാഘോഷം ശംഖുമുഖത്ത്

**തിരുവനന്തപുരം:** ഈ വർഷത്തെ നാവികസേനാ ദിനാഘോഷം തിരുവനന്തപുരത്ത്. പ്രധാന വേദിയായ ശംഖുമുഖത്ത് ഡിസംബർ നാലിനു നടക്കുന്ന ആഘോഷത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി മുഖ്യാതിഥിയാകും. ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ അദ്ദേഹം ദർശനം നടത്തിയേക്കും. ആഘോഷത്തിന് സൗകര്യമൊരുക്കാൻ 14 കോടി രൂപ ചെലവിൽ ശംഖുമുഖത്ത് 360 മീറ്റർ കടൽഭിത്തി പുതുതായി നിർമിക്കും. 1971ലെ ഇന്ത്യ – പാക്ക് യുദ്ധത്തിൽ ഓപ്പറേഷൻ ട്രൈഡന്റ് എന്ന പേരിൽ കറാച്ചി ഉന്നമിട്ട് നാവികസേന വിജയകരമായി നടത്തിയ ദൗത്യത്തിന്റെ സ്മരണാർഥമാണു ദിനാഘോഷം. സ്ഥിരമായി ഡൽഹിയിൽ നടത്തിയിരുന്ന ആഘോഷം 2022 മുതലാണ് മറ്റിടങ്ങളിലേക്കു മാറ്റാൻ തീരുമാനിച്ചത്.

വിശാഖപട്ടണം, മഹാരാഷ്ട്രയിലെ സിന്ധുദുർഗ് , ഒഡീഷയിലെ പുരി എന്നിവിടങ്ങളിലായിരുന്നു മുൻവർഷങ്ങളിലെ ദിനാഘോഷം. സേനയുടെ ആയുധക്കരുത്തിന്റെയും പ്രതിരോധശേഷിയുടെയും കാഴ്ചവിരുന്നൊരുക്കുന്ന അഭ്യാസപ്രകടനങ്ങൾക്ക് ശംഖുമുഖം വേദിയാവും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നാവികസേനയുടെ പടക്കപ്പലുകളും അന്തർവാഹിനികളും യുദ്ധവിമാനങ്ങളും മറ്റു സന്നാഹങ്ങളും തിരുവനന്തപുരത്തേക്കെത്തും. ആഘോഷത്തിനു തൊട്ടുമുൻപുള്ള ദിവസങ്ങളിൽ സേനാ വിമാനങ്ങളുടെ പരിശീലനപ്പറക്കലുമുണ്ടാകും.

# കെട്ടിടങ്ങളുടെ വിസ്തൃതി പരിഗണിക്കാതെ വനഭൂമിയിൽ പട്ടയം അനുവദിക്കും

**തിരുവനന്തപുരം:** കെട്ടിടങ്ങളുടെ വിസ്തൃതി പരിഗണിക്കാതെ വനഭൂമിയിൽ പട്ടയം അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. 1977ന് മുമ്പ് വനഭൂമി കൈവശം വെച്ചു വരുന്നവർക്ക് കേന്ദ്രസർക്കാരിന്റെ അനുമതിയോടെ ഭൂമി പതിച്ചു നൽകാൻ 1993ലെ ഭൂപതിവ് ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ഭൂമി കൈവശം വെച്ച് വരുന്നവർ പലവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ചട്ടപ്രകാരം ഷോപ്പ് സൈറ്റിന് പട്ടയം അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഈ സാഹചര്യത്തിലാണ് കൈവശ ഭൂമിയിൽ നിർമ്മാണ പ്രവർത്തികൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിസ്തൃതി പരിഗണിക്കാതെ തന്നെ പട്ടയം നൽകാൻ മന്ത്രിസഭായോഗം അനുമതി നൽകിയത്. കൊച്ചി ഇൻഫോപാർക്ക് ഒന്നാംഘട്ട ക്യാമ്പസിലെ 88 സെന്റ് ഭൂമിയിൽ ഒരു നോൺ സെസ് ഐ.ടി കെട്ടിടം നിർമ്മിക്കുന്നതിനും മന്ത്രിസഭായോഗം ഭരണാനുമതി നൽകി. ഇൻഫോപാർക്കിന്റെ തനത് ഫണ്ടും ബാങ്കിൽ നിന്നുള്ള ടേം ലോണും ഉപയോഗിച്ച് 118.33 കോടി രൂപ ചെലവിൽ 1.9 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടമാണ് നിർമ്മിക്കുക. ഫോം മാറ്റിങ്ങ്സ് ഇന്ത്യ ലിമിറ്റഡിനെ കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ ലയിപ്പിക്കും. വ്യവസായ വകുപ്പിന്റെ കീഴിലുള്ള സമാന സ്വഭാവത്തിൽ പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങളെ ലയിപ്പിക്കുന്നതിന്റെ ഭാഗമായാണിത്. ലയനം സംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ മാനേജിങ്ങ് ഡയറകറെ ചുമതലപ്പെടുത്തി. സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ തസ്തികയിൽ നിയമിതരായ കോച്ച് ബിൽഡർമാർക്ക് 8 വർഷം സർവ്വീസ് പൂർത്തിയാക്കുന്ന മുറയ്ക്ക് സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാനും മന്ത്രിസഭായോഗം തീരുമാനിച്ചു. ബിവറേജസ് കോർപറേഷനിലെ മറ്റ് ജീവനക്കാരുടെ സീനിയോരിറ്റിയെ ബാധിക്കാത്ത തരത്തിൽ, 23,700-52,600 എന്ന ശമ്പള സ്കെയിലിലാണ് ഹയർ ഗ്രേഡ് അനുവദിക്കുക. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ തൊഴിലാളികൾക്ക് 2019 ജനുവരി ഒന്നു മുതൽ 2022 ഡിസംബർ വരെ ദിവസം 28 രൂപ നിരക്കിൽ 2,54,69,618 രൂപ ഇടക്കാലാശ്വാസമായി അധികമായി നൽകിയ തുക തിരികെ പിടിക്കുന്ന നടപടി ഒഴിവാക്കാനും യോഗം തീരുമാനിച്ചു. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് പ്രത്യേക കേസായി പരിഗണിച്ച് ഇതിന് അനുമതി നൽകി. തൃശ്ശൂർ കൂടൽ മാണിക്യം ക്ഷേത്രത്തിന്റെ കിഴക്കുവശത്തായി സ്ഥിതി ചെയ്യുന്ന കുട്ടൻകുളം നവീകരണ പ്രവൃത്തികൾക്കായി 4,04,60,373 രൂപയുടെ ടെണ്ടർ അംഗീകരിച്ചു. കൊല്ലം കണ്ണനല്ലൂർ എംകെഎൽഎം എച്ച്.എസ്.എസ് ൽ എച്ച്എസ്എസ്ടി ജൂനിയർ മലയാളം തസ്തിക സൃഷ്ടിക്കുന്നതിനും യോഗം അനുമതി നൽകി. പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലും ജൂനിയർ സൂപ്രണ്ടിന്റെ ഒരു തസ്തിക സൃഷ്ടിക്കും. നവംബർ ഒന്നിന് നിയമസഭയുടെ പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കാൻ ഗവർണറോട് ശുപാർശ ചെയ്യാൻ മന്ത്രിസഭായോഗം തീമാനിച്ചു.

# രോഗമില്ലാത്ത സമൂഹത്തെ സൃഷ്ടിക്കുക എന്നതാവണം ആരോഗ്യ സംരക്ഷകരുടെ ലക്ഷ്യം: ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ

**തൃശൂർ:** ഒരു നിരാമയ (രോഗമില്ലാത്ത) സമൂഹത്തെ സൃഷ്ടിക്കുക എന്നതാവണം ആരോഗ്യ സംരക്ഷകരുടെ ലക്ഷ്യമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ് അലുമ്നി അസോസിയേഷൻ ഓഡിറ്റോറിയത്തിൽ നടന്ന കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ ഇരുപത്തിയൊന്നാമതു ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ഗവർണർ. ബിരുദദാന ചടങ്ങിൽ പ്രതിജ്ഞ ചൊല്ലുന്നുണ്ട്, അതിനു മറ്റു വിശദീകരണം ഒന്നും തന്നെ ആവശ്യമില്ല. ആരോഗ്യ സംരക്ഷകരുടെ ലക്ഷ്യം രോഗങ്ങൾ എങ്ങനെ ബാധിക്കാതിരിക്കണം എന്നതായിരിക്കണം. നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം ഭിഷഗ്വര രോഗി അനുപാതം തൃപ്തികരമല്ല. എന്നിരുന്നാലും നല്ല ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുക എന്നതുതന്നെയാകണം ആരോഗ്യ സംരക്ഷകരുടെ പഠനോദ്ദേശ്യമെന്നും അതിനായി നമുക്ക് ആധുനിക വൈദ്യശാസ്ത്രത്തെയും പാരമ്പര്യ ചികിത്സാരീതികളെയും അവലംബിക്കാവുന്നതാണെന്നും ഗവർണർ പറഞ്ഞു. ജനങ്ങൾ വൈദ്യശാസ്ത്രജ്ഞരെ അത്യുന്നത വ്യക്തിത്വങ്ങളായി കണക്കാക്കുന്നു. നമ്മുടെ സേവനം രാജ്യത്തിലെ ഗ്രാമങ്ങളിൽ വരെ എത്തിച്ചേരേണ്ടതാണെന്നും ഗവർണർ കൂട്ടിച്ചേർത്തു.

സർവ്വകലാശാല ബിരുദദാനച്ചടങ്ങിൽ സർവ്വകലാശാലയ്ക്കു കീഴിലുള്ള കോളേജുകളിൽ പഠനം പൂർത്തീകരിച്ച 17,062 പേർക്കുള്ള ബിരുദ പ്രഖ്യാപനം നടന്നു. അവരിൽ ബിരുദാനന്തര ബിരുദം, പി.ജി ഡിപ്ലോമ, പി.എച്ച്.ഡി നേടിയ 2,099 (പി.ജി: 2,093, പി.എച്ച്.ഡി: 6) പേർക്ക് ബിരുദദാനച്ചടങ്ങിനോടനുബന്ധിച്ച് ബിരുദ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വേദിയിൽ വിവിധ വിഷയങ്ങളിൽ ഒന്നാം റാങ്ക് നേടിയ 12 വിദ്യാർഥികളെ മെമന്റോയും ക്യാഷ് അവാർഡും നൽകി ആദരിച്ചു. രണ്ടാംവർഷ എം.ബി.ബി.എസ് മൈക്രോബയോളജി റെഗുലർ പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ് വിദ്യാർത്ഥിയായ അരുൺ ജയ് വാര്യരെ ഡോ. സി.കെ ജയറാം പണിക്കർ എൻഡോവ്മെന്റ് അവാർഡ് നൽകി ആദരിച്ചു.

ചടങ്ങിന് ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. മോഹനൻ കുന്നുമ്മൽ സ്വാഗതം ആശംസിച്ചു. പ്രൊ വൈസ് ചാൻസലർ സി.പി. വിജയൻ, രജിസ്ട്രാർ ഡോ. എസ്. ഗോപകുമാർ, പരീക്ഷാ കൺട്രോളർ ഡോ. എസ്. അനിൽകുമാർ, ഫിനാൻസ് ഓഫീസർ എം.എസ് സുധീർ, വിവിധ ഫാക്കൽറ്റി ഡീൻമാർ, സെനറ്റ് അംഗങ്ങൾ, കോളേജ് പ്രിൻസിപ്പാൾമാർ, ജി.സി, എ.സി അംഗങ്ങൾ, സർവകലാശാല ജീവനക്കാർ തുടങ്ങിയവരും അറുന്നൂറോളം വിദ്യാർഥികളും രക്ഷിതാക്കളും പങ്കെടുത്തു.

# കൃഷിഭവനുകൾ സ്മാർട്ടാകുന്നത് കർഷകർക്ക് മികച്ച സേവനങ്ങൾ ലഭിക്കുമ്പോൾ മന്ത്രി

**കോഴിക്കോട്:** കൃഷിഭവനുകൾ സ്മാർട്ടാകുന്നത് കർഷകർക്ക് മികച്ച സേവനങ്ങൾ ലഭിക്കുമ്പോഴാണെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ്. കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് ജില്ലയിലെ ആദ്യ സ്മാർട്ട് കൃഷിഭവനായി ഉയർത്തിയ പനങ്ങാട് കൃഷിഭവന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ 1,076 കൃഷിഭവനുകളെയും സർക്കാർ ഘട്ടംഘട്ടമായി സ്മാർട്ട് കൃഷിഭവനാക്കി മാറ്റുകയാണ്. എൺപതോളം കൃഷിഭവനുകൾ സ്മാർട്ടായി മാറിക്കഴിഞ്ഞെന്നും മന്ത്രി പറഞ്ഞു.

കൃഷി ഉദ്യോഗസ്ഥരുടെ പ്രധാന ജോലി ഓഫീസുകൾക്കകത്തല്ല, കൃഷിയിടങ്ങളിലാണ്. 'കതിര്' മൊബൈൽ ആപ്പ് വഴി കർഷകർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് അതിവേഗത്തിൽ മറുപടി ലഭ്യമാക്കണം. കർഷകരുടെ ഉൽപന്നങ്ങൾ മൂല്യവർധിത വസ്തുക്കളാക്കി മാറ്റി വിപണിയിലെത്തിച്ചാൽ മാത്രമേ വരുമാന വർധനവുണ്ടാക്കാൻ സാധിക്കൂ. ബാലുശ്ശേരി നിയോജക മണ്ഡലത്തിന്റെ തനത് പദ്ധതിയായ 'മഞ്ഞൾ ഗ്രാമം' പദ്ധതിയിൽ ഉൽപാദിപ്പിക്കുന്ന മഞ്ഞൾ കൃഷിവകുപ്പ് ഏറ്റെടുക്കുമെന്നും മന്ത്രി പറഞ്ഞു.

കർഷകർക്ക് മികച്ച സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കൃഷിഭവനുകളെ ആധുനികവത്കരിക്കുക, നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കർഷകരിലേക്ക് സേവനങ്ങൾ സമയബന്ധിതമായും കൃത്യതയോടെയും എത്തിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് സ്മാർട്ട് കൃഷിഭവൻ യഥാർഥ്യമായത്. 26.55 ലക്ഷം രൂപയാണ് പദ്ധതിക്കായി സർക്കാർ അനുവദിച്ചത്. കർഷകർക്ക് ഓൺലൈനായി സേവനങ്ങൾ ലഭ്യമാക്കൽ, പേപ്പർലെസ് സംവിധാനം, കർഷകർക്ക് തിരിച്ചറിയൽ കാർഡ്, വിള പരിപാലനത്തിനുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്, അഗ്രോ ഫാർമസി വഴി കർഷകർക്ക് വിള പരിപാലനത്തിന് ആവശ്യമായ സഹായങ്ങൾ തുടങ്ങി വിവിധ സേവനങ്ങളാണ് സ്മാർട്ട് കൃഷിഭവൻ വഴി ലഭിക്കുക.

കൃഷിഭവൻ പരിസരത്ത് നടന്ന ചടങ്ങിൽ കെ എം സച്ചിൻ ദേവ് എംഎൽഎ അധ്യക്ഷനായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി കെ അനിത, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി എം കുട്ടികൃഷ്ണൻ, ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് അഡ്വ. പി ഗവാസ്, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി എം ശശി, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷ റംല മാടംവള്ളിക്കുന്ന്, ഗ്രാമപഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷരായ ഷാജി കെ പണിക്കർ, കെ കെ പ്രകാശിനി, പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ കെ സുലൈഖ ബായ്, നോഡൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ബീന നായർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# സംസ്ഥാന സ്കൂൾ കലോത്സവം സുരക്ഷിത യാത്രയൊരുക്കാൻ ട്രാൻസ്പോർട്ടേഷൻ കമ്മിറ്റി

**തൃശൂർ:** ജനുവരി ഏഴ് മുതൽ പതിനൊന്ന് വരെ തൃശൂരിൽ വെച്ച് നടക്കുന്ന 64 മത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് എത്തുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സുരക്ഷിതമായ യാത്രയൊരുക്കുമെന്ന് ട്രാൻസ്പോർട്ടേഷൻ കമ്മിറ്റി അറിയിച്ചു. സ്വാഗത സംഘം ഓഫീസിൽ ചേർന്ന യോഗം യൂ. ആർ. പ്രദീപ് എം. എൽ. എ. ഉദ്ഘാടനം നിർവഹിച്ചു. തൃശൂർ ജില്ല വിദ്യാഭ്യാസ ഡയറക്ടർ പി. എം ബാലകൃഷ്ണൻ, തൃശ്ശൂർ ഗവൺമെന്റ് മോഡൽ ഗേൾസ് ഹൈസ്കൂൾ പ്രധാന അധ്യാപിക. കെ. പി. ബിന്ദു, പോലീസ് ഇൻസ്പെക്ടർ ബിപിൻ നായർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ കെ പ്രദീപ്, ജലീൽ പാണക്കാടൻ, അലി അഷ്കർ, ജോസ് ജോസഫ്, ലിന്റോ വടക്കൻ, വി. അൻഫാസ് എന്നിവർ സംസാരിച്ചു. കൺവീനർ പി.സാലിഹ് സ്വാഗതവും. വി. സജിത നന്ദിയും പറഞ്ഞു.

# കൂൺ ഗ്രാമം പദ്ധതി ഉദ്ഘാടനം നിർവഹിച്ചു

**തൃശൂർ:** ഗ്രാമീണ മേഖലയിൽ തൊഴിൽ ഉൽപാദനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നാടിന്റെ സാമ്പത്തിക അടിത്തറ വികസിപ്പിക്കുന്നതിനും ഗ്രാമീണ മേഖലയിലെ സ്ത്രീ ശാക്തീകരണം സാധ്യമാക്കുവാനും ഉതകുന്ന രീതിയിലാണ് കൂൺ ഗ്രാമം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്ന്മന്ത്രി ആർ ബിന്ദു. ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിലെ സമഗ്ര കാർഷിക വികസന പദ്ധതിയായ പച്ചക്കുടയുടെ ഭാഗമായി കാർഷിക വികസന, കർഷകക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയുമായി ചേർന്ന് ഇരിങ്ങാലക്കുട നിയോജമണ്ഡലത്തിൽ നടപ്പിലാക്കുന്ന കൂൺഗ്രാമം പദ്ധതി ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

വരുമാനദായകമായ സ്വയം തൊഴിൽ സംരംഭം കാർഷിക മേഖലയിൽ ആവിഷ്കരിക്കുക എന്നത് സർക്കാരിന്റെ സുപ്രധാനമായ ഉത്തരവാദിത്തമാണ്. കാർഷിക പ്രാധാന്യമുള്ള മണ്ഡലമാണ് ഇരിങ്ങാലക്കുട. മണ്ഡലത്തിന്റെ കാർഷിക പ്രാധാന്യം മനസ്സിലാക്കി കൊണ്ടാണ് പച്ചക്കുട സമഗ്ര കാർഷിക പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കർഷക കുടുംബങ്ങൾക്ക് അധിക വരുമാനം ഉറപ്പാക്കുകയും കുടുംബശ്രീ ഉൾപ്പെടെ ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ ജീവിത നിലവാരം വർദ്ധിപ്പിക്കുകയുമെല്ലാം ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണെന്ന് മന്ത്രി പറഞ്ഞു.

കൂൺകൃഷി വ്യാപിപ്പിക്കുന്നതിനും കർഷകർക്ക് അധിക വരുമാനം പ്രദാനം ചെയ്യുന്നതിനുമായാണ് കൂൺ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. 100 ചെറുകിട കൂൺ ഉത്പാദക യൂണിറ്റുകൾ, രണ്ട് വൻകിട കൂൺ ഉത്പാദക യൂണിറ്റ്, മൂന്ന് കൂൺ സംസ്കരണ യൂണിറ്റ്, ഒരു കൂൺ വിത്ത് ഉത്പാദക യൂണിറ്റ് , രണ്ട് പാക്ക് ഹൗസുകൾ, 10 കമ്പോസ്റ്റ് ഉത്പാദക യൂണിറ്റുകൾ എന്നിവ ചേർന്നതാണ് ഒരു കൂൺ ഗ്രാമം. കൂൺ ഗ്രാമം ഒന്നിന് 30. 25 ലക്ഷം രൂപയുടെ സഹായമാണ് സർക്കാർ ലഭ്യമാക്കുന്നത് എന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഇരിങ്ങാലക്കുട ടൗൺഹാളിൽ നടന്ന ചടങ്ങിൽ ഇരിങ്ങാലക്കുട നഗരസഭ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് അധ്യക്ഷത വഹിച്ചു. തൃശൂർ കൃഷി ഡെപ്യൂട്ടി ഡയറക്ടർ മുഹമ്മദ് ഹാരിസ് പി.കെ പദ്ധതി വിശദീകരണം നടത്തി. ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലളിത ബാലൻ മുഖ്യാതിഥിയായി.

ശാസ്ത്രീയ കൂൺ കൃഷി പരിപാലനം എന്ന വിഷയത്തിൽ വെള്ളാനിക്കര കാർഷിക കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. വി എം ഹിമ സെമിനാർ അവതരിപ്പിച്ചു.

പടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ എസ് തമ്പി, കാട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.വി ലത, ഇരിങ്ങാലക്കുട കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഫാജിത റഹ്മാൻ. എം, മാള കൃഷി അസിസ്റ്റന്റ് ഡയറക്ടർ സി. ബി അജിത്ത്, വെള്ളാങ്ങല്ലൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ എം. കെ സ്മിത, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ജില്ലാതല സമ്മേളനവും സെമിനാറും സംഘടിപ്പിച്ചു

**തൃശൂർ:** പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി നടത്തുന്ന ജില്ലാതല സമ്മേളനത്തിന്റെ ഉദ്ഘാടനം പി ബാലചന്ദ്രൻ എംഎൽഎ നിർവഹിച്ചു.

ടൗൺഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. എസ് പ്രിൻസ് അധ്യക്ഷത വഹിച്ചു. പക്ഷാചരണത്തിന്റെ ഭാഗമായി നടത്തിയ സെമിനാറിൽ 'പട്ടികജാതി പട്ടികവർഗ അതിക്രമം തടയൽ നിയമം' എന്ന വിഷയത്തിൽ അഡ്വ. സി ഉത്തര സംസാരിച്ചു. അന്തിക്കാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ എം.ടി ദിജി പട്ടികജാതി വികസന വകുപ്പിന്റെ വിവിധ പദ്ധതികളെ സംബന്ധിച്ച് അവബോധന ക്ലാസ് നൽകി. ഐ ടി ഐ ഡി സി എം ട്രേഡിൽ ദേശീയ തലത്തിൽ ഒന്നാം സ്ഥാനം നേടിയ വരവൂർ ഐ ടി ഐ വിദ്യാർത്ഥി പി. വി അഭിജിത്തിനെ പട്ടിക ജാതി വികസന വകുപ്പ് ആദരിച്ചു. ആദരവിന്റെ ഭാഗമായ മെമന്റോ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഭിജിത്തിന് സമ്മാനിച്ചു.

ജില്ലാ പട്ടികജാതി വികസന ഓഫീസർ കെ. സന്ധ്യ സ്വാഗതവും അസി. ജില്ലാ പട്ടികജാതി വികസന ഓഫീസർ എ.പി സീന നന്ദിയും പറഞ്ഞു.




# സർവീസുകൾ വിപുലീകരിക്കാനൊരുങ്ങി മാൽദീവിയൻ വിമാനക്കമ്പനി

**കൊച്ചി:** മാലിദ്വീപിന്റെ ദേശീയ വിമാനക്കമ്പനിയായ മാൽദീവിയൻ കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ നിന്ന് മാലിദ്വീപിലേക്കുള്ള വിമാന സർവീസുകൾ വിപുലീകരിക്കുന്നു. ഇതിന്റെ ഭാഗമായി ശരാശരി 17,500 രൂപയിൽ ആരംഭിക്കുന്ന റിട്ടേൺ നിരക്കുകളോടെ 152 സീറ്റ് എയർബസ് എ320 വിമാനം സർവീസ് നടത്തും. മിതമായ നിരക്കിലുള്ള ടിക്കറ്റിൽ സൗജന്യ ഭക്ഷണം, ബാഗേജ് അലവൻസുകൾ, സുഗമമായ ആഭ്യന്തര ഇന്റർഐലൻഡ് കണക്ഷനുകൾ എന്നിവ ഉൾപ്പെടുന്നതായി കമ്പനി വ്യക്തമാക്കി.

മാലിദ്വീപിലെ ഏറ്റവും വലിയ വിമാനക്കമ്പനിയായ മാൽദീവിയൻ 17 ആഭ്യന്തര ലക്ഷ്യസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്നതിനൊപ്പം ദ്വീപസമൂഹത്തിലുടനീളം തടസ്സമില്ലാത്ത പ്രവേശനം ഉറപ്പാക്കുകയും ചെയ്യുന്നു. വിപുലമായ ശൃംഖലയിലൂടെ, അന്താരാഷ്ട്ര യാത്രക്കാരെ രാജ്യത്തെ പ്രമുഖ റിസോർട്ടുകൾ, സാഹസിക കേന്ദ്രങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ എന്നിവയുമായി നേരിട്ട് ബന്ധിപ്പിക്കുന്ന സമ്പൂർണ്ണ യാത്രാ പാക്കേജാണ് വാഗ്ദാനം ചെയ്യുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. തങ്ങളുടെ സുപ്രധാന വിപണികളിൽ ഒന്നായ ഇന്ത്യയിൽ നിന്ന് മാലിദ്വീപിലേക്ക് വരുന്ന യാത്രക്കാരെ സംബന്ധിച്ച് കൊച്ചിയും തിരുവനന്തപുരവും ഇപ്പോഴും വളരെ പ്രധാനപ്പെട്ട കവാടങ്ങളാണെന്ന് മാൽദീവിയൻ കൊമേഴ്സ്യൽ (ഇന്റർനാഷണൽ) ജനറൽ മാനേജർ മുഹമ്മദ് സഫ പറഞ്ഞു. ദേശീയ വിമാനക്കമ്പനിയും രാജ്യത്തെ ഏറ്റവും വലിയ ഓപ്പറേറ്ററും എന്ന നിലയിൽ യാത്രക്കാർക്ക് മാലിദ്വീപിലെ ആതിഥ്യമര്യാദ അനുഭവിക്കാൻ സഹായിക്കുന്ന വിമാനയാത്ര ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.



# കൊച്ചി ബ്ലൂ സ്പൈക്കേഴ്സിന് ഇനിയുള്ള മത്സരങ്ങൾ നിർണായകം

**ഹൈദരാബാദ്:** ആർ.ആർ കാബെൽ പ്രൈം വോളിബോൾ ലീഗ് നാലാം സീസണിൽ തുടർച്ചയായ നാലാം മത്സരവും തോറ്റ കൊച്ചി ബ്ലൂ സ്പൈക്കേഴ്സിന് ഇനിയുള്ള മത്സരങ്ങൾ നിർണായകം. ചൊവ്വാഴ്ച്ച പൊരുതിക്കളിച്ചിട്ടും മുംബൈ മിറ്റിയോഴ്സിനോട് അഞ്ച് സെറ്റ് കളിയിൽ തോൽക്കുകയായിരുന്നു. ആദ്യ സെറ്റ് (7-15) കൊച്ചി, അടുത്ത രണ്ട് സെറ്റുകളും (15-7, 15-13) തിരിച്ചുപിടിച്ചിരുന്നു. എന്നാൽ അവശേഷിക്കുന്ന രണ്ട് സെറ്റുകളും (15-8, 15-11) നേടി മത്സരം മുംബൈ ജയിക്കുകയായിരുന്നു. മുംബൈ ആദ്യമായാണ് സീണസിൽ സെറ്റ് നഷ്ടമാക്കുന്നത്. കഴിഞ്ഞ മൂന്ന് മത്സരങ്ങളും ഒരു സെറ്റും എതിർടീമുകൾക്ക് നൽകാതെയായിരുന്നു ടോർപ്പിഡോസിന്റെ ജയം.

ജയത്തോടെ മുംബൈ പോയിന്റ് പട്ടികയിലും ഒന്നാമതെത്തി. അഞ്ച് കളി പൂർത്തിയാക്കിയ കൊച്ചി ഒമ്പതാമതാണ്. ഇനി രണ്ട് മത്സരങ്ങൾ മാത്രമാണ് കൊച്ചിക്ക് അവശേഷിക്കുന്നത്. 19ന് കാലിക്കറ്റ് ഹീറോസുമായാണ് അടുത്ത മത്സരം. 7 മത്സരങ്ങൾക്ക് ശേഷം ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന നാല് ടീമുകളാണ് സെമിയിൽ പ്രവേശിക്കുക. കൊച്ചിക്ക് ഇനി സെമി സാധ്യത നിലനിർത്തണമെങ്കിൽ ഇനിയുള്ള രണ്ട് മത്സരങ്ങളും നേരിട്ടുള്ള സെറ്റുകൾക്ക് ജയിക്കണം.

അങ്ങനെ വന്നാൽ ടീമിന് പത്ത് പോയിന്റാവും. ഇന്ന് ഒരേയൊരു മത്സരമാണ് ലീഗിൽ. വൈകിട്ട് 6.30ന് ഗോവ ഗാർഡിയൻസ് ആതിഥേയരായ ഹൈദരാബാദ് ബ്ലാക്ക് ഹോക്സിനെ നേരിടും.

# തമിഴ്നാട്ടിൽ വൻ നിക്ഷേപത്തിന് ഫോക്സ്കോൺ

**ചെന്നൈ:** തായ്വാനീസ് ഇലക്ട്രോണിക്സ് കരാർ നിർമാതാക്കളായ ഫോക്സ്കോൺ തമിഴ്നാട്ടിൽ വൻ നിക്ഷേത്തിനൊരുങ്ങുന്നു. 15,000 കോടി രൂപയുടെ നിക്ഷേപം നടത്തും. 14,000 തൊഴിലവസരങ്ങളാണ് കമ്പനി വാഗ്ദാനം ചെയ്യുന്നത്.

സംസ്ഥാനത്തിന്റെ വ്യവസായ മേഖലയ്ക്ക് പുതിയ ഉണർവ് നൽകുന്നതാണ് നടപടി. മൊബൈൽ ഫോൺ ഘടകങ്ങളുടെ ഉത്പാദന ശേഷി വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സുപ്രധാന നീക്കം നടത്തുന്നത്.

14,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നതാണ് നിക്ഷേപത്തിന്റെ ഏറ്റവും വലിയ നേട്ടം. എൻജിനിയറിംഗ് ബിരുദധാരികളിലും ഉയർന്ന വൈദഗ്ധ്യമുള്ള യുവാക്കളെയും കേന്ദ്രീകരിച്ചാണ് പുതിയ ഉയർന്ന മൂല്യമുള്ള തൊഴിലവസരങ്ങൾ ഒരുങ്ങുന്നത്. പുതിയ പദ്ധതിയുടെ ഭാഗമായി ഫോക്സ്കോൺ ചെന്നൈയ്ക്ക് സമീപമുള്ള കാഞ്ചീപുരം ജില്ലയിൽ പുതിയ പ്ലാൻറ് സ്ഥാപിക്കാനാണ് സാധ്യത.

സംസ്ഥാനത്തിന്റെ എൻജിനിയറിംഗ് വൈദഗ്ധ്യവും ശക്തമായ വ്യാവസായിക അടിത്തറയും കമ്പനിയുടെ തീരുമാനത്തിന് പിന്നിലുള്ളതായി തമിഴ്നാട് വ്യവസായ മന്ത്രി ടി.ആർ.ബി. രാജ പറഞ്ഞു.

# ഇക്വിറസും സേപിയന്റ് ഫിൻസർവും ലയിക്കുന്നു

**മുംബൈ:** ധനകാര്യ സേവനദാതാക്കളായ ഇക്വിറസ് ഗ്രൂപ്പും വെൽത്ത് മാനേജേഴ്സായ സേപിയന്റ് ഫിൻസർവും ലയിക്കുന്നു. ഇക്വിറ്റി സ്വാപ് ഇടപാടിലൂടെ രൂപീകരിക്കുന്ന സംയുക്ത പ്ലാറ്റ്ഫോം ഇന്ത്യയിലെ മികച്ച 10 ബാങ്കിതര സ്വതന്ത്ര വെൽത്ത് മാനേജർമാരിലൊന്നായി ഇതോടെ കമ്പനി മാറും. കുടുംബ ഓഫീസ്, വെൽത്ത് മാനേജുമെന്റ് എന്നീ മേഖലകളിൽ ഇക്വിറസ് ഗ്രൂപ്പിന്റെ സ്വാധീനം ഇതോടെ വർധിക്കും.



പുണെ ആസ്ഥാനമായി മഹാരാഷ്ട്രയിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും സാന്നിധ്യമുള്ള സേപിയന്റ് ഫിൻസെർവ് ഗ്രൂപ്പ്, നിലവിൽ 13,500 കോടി രൂപയിലധികം ആസ്തിയും പ്രതിമാസം 65 കോടി രൂപയുടെ എസ്ഐപി ബുക്കും കൈകാര്യം ചെയ്യുന്നുണ്ട്.

ലയനത്തിന്റെ ഭാഗമായി, സേപിയന്റ് ഫിൻസെർവ് ഗ്രൂപ്പിന്റെ സ്ഥാപകൻ അമിത് ബിവാൽക്കറും ഡയറക്ടറും സഹസ്ഥാപകനുമായ പല്ലവ് ബഗാരിയയും ഇക്വിറസ് വെൽത്തിന്റെ ലീഡർഷിപ്പ് ടീമിലും ബോർഡിലും അംഗങ്ങളാകും.

സമഗ്രമായ വെൽത്ത് ഇക്കോസിസ്റ്റം കെട്ടിപ്പടുക്കുന്നതിനുള്ള സേപിയന്റ് ഫിൻസെർവിന്റെ യാത്രയിലെ ഒരു നാഴികക്കല്ലാണ് ഈ ഇടപാട്. ഇക്വിറസുമായി സഹകരിക്കുന്നതിലൂടെ, സേപിയന്റ് ഫിൻസെർവ് ഗ്രൂപ്പ് തങ്ങളുടെ സേവനങ്ങൾ അനുബന്ധ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും പ്രൊഫഷണലുകൾ, സംരംഭകർ, കുടുംബങ്ങൾ എന്നിവർക്ക് സേവനം നൽകാനുള്ള സാധ്യത വിപുലമാകുകയും ചെയ്യും.

# 12.25 ശതമാനം വരെ നേട്ടവുമായി ഇൻഡെൽ മണിയുടെ കടപ്പത്രം

**കൊച്ചി:** കേരളം ആസ്ഥാനമായ ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനമായ ഇൻഡെൽ മണി, ഓഹരിയാക്കി മാറ്റാനാകാത്ത കടപ്പത്രങ്ങളിലൂടെ (എൻസിഡി) 300 കോടി രൂപ സമാഹരിക്കുന്നു.

അടിസ്ഥാന ഇഷ്യു 150 കോടിയുടേതാണെങ്കിലും അധിക തുക സ്വരൂപിക്കാൻ അനുമതിയുണ്ട്. ഒക്ടോബർ ഇഷ്യു 28ന് സമാപിക്കും. പലിശനിരക്ക് പ്രതിവർഷം 12.25 ശതമാനം വരെയാണ്. മുഖവില 1,000 രൂപ. 72 മാസംകൊണ്ട് നിക്ഷേപം ഇരട്ടിക്കുന്ന കടപ്പത്രങ്ങൾക്ക് പ്രതീക്ഷിച്ചതിലധികം ആവശ്യക്കാരുണ്ടായാൽ ഇഷ്യു നേരത്തേ അവസാനിക്കും.

റേറ്റിങ് ഏജൻസിയായ ഇൻഫോമെറിക്സ് ഉയർന്ന വിഭാഗത്തിലുള്ള ഐവിആർ എസ്റ്റേബിൾ സുരക്ഷാ റേറ്റിങ് നൽകിയിട്ടുണ്ട്. 366 ദിവസം മുതൽ 72 മാസം വരെയാണ് കാലാവധി. കുറഞ്ഞ നിക്ഷേപത്തുക 10,000 രൂപ. ഇഷ്യുവിലൂടെ സമാഹരിക്കുന്ന പണം തുടർ വായ്പകൾക്കായും പ്രവർത്തന വിപുലീകരണത്തിനും വിനിയോഗിക്കുമെന്ന് ഇൻഡെൽ മണി എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ ഉമേഷ് മോഹനൻ പറഞ്ഞു.

# പരസ്യചിത്ര ക്യാമ്പയിൻ പുറത്തിറക്കി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** സൗത്ത് ഇന്ത്യൻ ബാങ്ക് ദീപാവലിയോടനുബന്ധിച്ച് പരസ്യചിത്ര ക്യാംപെയ്ൻ പുറത്തിറക്കി.  ഇസ് ദിവാലി, ഖുഷിയോം കേ ദീപ് ജലായേ (ഈ ദീപാവലിയിൽ സന്തോഷത്തിന്റെ പ്രകാശം തെളിയിക്കാം) എന്ന പരസ്യചിത്രം ഒരുക്കിയിട്ടുള്ളത് പ്രശസ്ത സിനിമ സംവിധായകനായ മാർട്ടിൻ പ്രക്കാട്ടാണ്. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ വിവിധ സാമൂഹിക മാധ്യമ അക്കൗണ്ടുകളിലൂടെ പുറത്തിറക്കിയ പരസ്യചിത്രം 72 മണിക്കൂറിനുള്ളിൽ രണ്ട് കോടിയിലധികം കാഴ്ചക്കാരെ നേടി. ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിലാണ് പരസ്യം ഒരുക്കിയിട്ടുള്ളത്.

ബന്ധങ്ങളിൽ നിക്ഷേപിക്കുക എന്ന സൗത്ത് ഇന്ത്യൻ ബാങ്കിന്റെ വിശാലമായ കാഴ്ചപ്പാടിനെ ഉയർത്തുന്നതാണ് പുതിയ പരസ്യചിത്രമെന്ന് ബാങ്കിന്റെ സീനിയർ ജനറൽ മാനേജരും ചീഫ് ഇൻഫർമേഷൻ ഓഫീസറുമായ സോണി എ അഭിപ്രായപ്പെട്ടു.

പങ്കുവെയ്ക്കുന്ന സമയങ്ങളിലെല്ലാം സന്തോഷം പതിന്മടങ്ങാകുന്നു എന്നതിന്റെ തെളിവാണ് ഈ ക്യാംപെയ്ൻ. വേഗതയേറിയ വർത്തമാനകാലത്ത് ചെറിയ കാര്യങ്ങൾപോലും ആളുകളിൽ വലിയ സന്തോഷമുണ്ടാക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. ജനങ്ങളുമായുള്ള അഭേദ്യമായ ബന്ധമാണ് 96 വർഷത്തെ ബാങ്കിങ് പാരമ്പര്യമുള്ള സൗത്ത് ഇന്ത്യൻ ബാങ്കിന്റെ കരുത്തെന്ന് ബാങ്കിന്റെ മാർക്കറ്റിംഗ് മേധാവി രമേഷ് കെ പി പറഞ്ഞു.

ഉപഭോക്താക്കളോടുള്ള വൈകാരിക ബന്ധം ദൃഢമാക്കുന്നതിനുള്ള വലിയ അവസരമാണ് ദീപാവലി പോലെ ഓരോ ആഘോഷവും. പരസ്പര സ്നേഹവും സഹാനുഭൂതിയും ഉൾച്ചേരുന്ന ബന്ധങ്ങൾ എക്കാലവും ഉണ്ടാകണമെന്നതിന്റെ തെളിവാണ് 72 മണിക്കൂറിനുള്ളിൽ പരസ്യത്തിന് ലഭിച്ച രണ്ടുകോടിയിലധികം കാഴ്ചക്കാരെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# ആപ്ടെക്–ഡബ്ല്യുഒഎൽ3ഡി കൈകോർക്കുന്നു



**കൊച്ചി:** തൊഴിലധിഷ്ഠിത പരിശീലനം നൽകുന്ന ആപ്ടെക് ലിമിറ്റഡും ഇന്ത്യയിലെ മുൻനിര 3ഡി പ്രിന്റിംഗ് സൊല്യൂഷൻസ് കമ്പനികളിലൊന്നായ ഡബ്ല്യുഒഎൽ3ഡിയും പുതിയ സഹകരണം പ്രഖ്യാപിച്ചു. ഇരു കമ്പനികളും ചേർന്ന്  വിദ്യാർത്ഥികൾക്ക് പുതിയ 3ഡി പ്രിന്റിംഗ് പരിശീലന പ്രോഗ്രാം ഉടൻ ലഭ്യമാക്കുമെന്ന് അറിയിച്ചു. ആപ്ടെക് ലിമിറ്റഡിന്റെ എം ആന്റ് ഇ, എംഎഎസി, അരീന ആനിമേഷൻ എന്നീ പരിശീലന കേന്ദ്രങ്ങളിലൂടെയായിരിക്കും പുതിയ പ്രോഗ്രാം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക. തിയറിയും പ്രാക്ടിക്കൽ സെഷനുകളും ചേർന്ന് ഏകദേശം 60 മണിക്കൂർ ദൈർഘ്യമുണ്ടാകും കോഴ്സിന്. 3ഡി അനിമേഷൻ ആന്റ് ഡിസൈൻ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ഒരു ആഡ്ഓൺ മോഡ്യൂളായാണ് ഈ പ്രോഗ്രാം അവതരിപ്പിക്കുന്നത്. നിർമ്മാണം, ഉൽപ്പന്ന പ്രോട്ടോടൈപ്പിംഗ്, ആരോഗ്യം, വാസ്തുവിദ്യ എന്നീ മേഖലകളിൽ ഈ കോഴ്സ് പഠിച്ച വിദ്യാർത്ഥികൾക്ക് തിളങ്ങാനാവും. ഡബ്ല്യുഒഎൽ3ഡിയുമായുള്ള പുതിയ സഹകരണം ഇന്ത്യയിൽ 3ഡി പ്രിന്റിംഗ് വിദ്യാഭ്യാസത്തിന് ശക്തമായ അടിത്തറ കെട്ടിപ്പടുക്കാൻ ലക്ഷ്യമിട്ടുള്ളതാണെന്ന് ആപ്ടെക് ലിമിറ്റഡിന്റെ ഡയറക്ടർ സന്ദീപ് വെലിംഗ് പറഞ്ഞു. 'നിരവധി ആളുകളിലേക്ക് എത്തിച്ചേരാനും അവരെ ജോലി നേടാൻ സഹായിക്കാനുമാണ് ഈ പുതിയ 3ഡി പ്രിന്റിംഗ് കോഴ്സ് രൂപകല്പന ചെയ്തിരിക്കുന്നത്. വിദ്യാർത്ഥികളെ ഇന്ത്യയിലെ നിരവധി വ്യവസായങ്ങൾക്ക് ആവശ്യമുള്ളവരായി രൂപപ്പെടുത്താൻ ഈ കോഴ്സിന് സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഫെസ്റ്റികോൺസ് ക്യാമ്പയിനുമായി കൊക്കോകോള

**കൊച്ചി:** ദീപാവലി ആഘോഷങ്ങളുടെ ഭാഗമായി കോക്കകോള ഇന്ത്യയും ഗൂഗിൾ ജെമിനിയും ചേർന്ന് ഫെസ്റ്റികോൺസ് എന്ന ക്യാമ്പയിൻ ഒരുക്കുന്നു. ഗൂഗിൾ ജെമിനി ആപ്പിന്റെ സഹായത്തോടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ വ്യക്തിഗത ദീപാവലി ആശംസകൾ സൃഷ്ടിക്കാനും, പങ്കുവെക്കാനും സാധിക്കുന്നതാണ് പുതിയ ക്യാമ്പയിൻ.

കോക്കകോളയുടെ ലിമിറ്റഡ് എഡിഷൻ ഉത്സവ് പാക്കുകളിൽ ലഭ്യമായ ക്യൂആർ കോഡ് സ്കാൻ ചെയ്ത് ഉപഭോക്താക്കൾക്ക് ജെമിനി ആപ്പിൽ തന്നെ തങ്ങളുടെ ഫെസ്റ്റികോൺ രൂപകൽപ്പന ചെയ്യാം. ഇഷ്ടാനുസൃതമായ അവതാറുകളും, ദീപാവലി ചിഹ്നങ്ങളും ചേർത്ത് തയ്യാറാക്കുന്ന ഈ ഡിജിറ്റൽ ആശംസകൾ മൈഫെസ്റ്റികോൺ എന്ന ഹാഷ്ടാഗ് സഹിതം സമൂഹമാധ്യമങ്ങളിൽ പങ്കുവെക്കാം.

ഇന്ത്യയുടെ ആഘോഷങ്ങളോടൊപ്പം നിൽക്കുന്ന ബ്രാൻഡാണ് കൊക്കകോള, ഗൂഗിൾ ജെമിനിയുമായുള്ള ഈ സഹകരണം ഉപഭോക്താക്കൾക്ക് ദീപാവലി ആഘോഷങ്ങളിൽ പുതിയ അനുഭവം നൽകുന്നുവെന്ന് കോക്കകോള ഇന്ത്യയുടെ മാർക്കറ്റിംഗ് സീനിയർ ഡയറക്ടർ കാർത്തിക സുബ്രഹ്മണ്യൻ പറഞ്ഞു. മുൻപ് കൊക്കകോള ഒരുക്കിയ എഐ ക്യാമ്പയിൽ ദിവാലി വാലി മാജിക് ഏറെ ശ്രദ്ധയാകർഷിച്ചിരുന്നു.

# മുജീബ് അഹ്മദ് എ.ഐ.എഫ്.എം.പി. ദേശീയ ഉപാധ്യക്ഷൻ



**കൊച്ചി:** രാജ്യത്തെ അച്ചടി വ്യവസായികളുടെ കേന്ദ്ര സംഘടനായ ഓൾ ഇന്ത്യ ഫെഡറേഷൻ ഓഫ് മാസ്റ്റർ പ്രിന്റേഴ്സ് (എ.ഐ.എഫ്.എം.പി.) ദേശീയ ഉപാധ്യക്ഷനായി കേരള പ്രിന്റേഴ്സ് അസോസിയേഷൻ മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് മുജീബ് അഹ്മദ് തിരഞ്ഞെടുക്കപ്പെട്ടു. ലക്നൗവിൽ ചേർന്ന സംഘടനയുടെ 72ാമത് വാർഷിക പൊതുയോഗത്തിലാണ് കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളുടെ സംഘടനാ ചുമതലയുള്ള വൈസ് പ്രസിഡന്റായി മുജീബ് തെരഞ്ഞെടുക്കപ്പെട്ടത്. കേരള സ്റ്റേറ്റ് സ്മോൾ  ഇൻഡസ്ട്രീസ് അസോസിയേഷൻ (കെ.എസ്.എസ്.ഐ.എ.) കാസർഗോഡ് ജില്ലാ സെക്രട്ടറിയും ഉത്തരദേശം ദിനപത്രം പബ്ലിഷറുമാണ് മുജീബ് അഹ്മദ്.

തെലുങ്കാന ഓഫ്സെറ്റ് പ്രിന്റേഴ്സ് അസോസിയേഷൻ മുൻ പ്രസിഡന്റ് സി. രവീന്ദർ റെഡ്ഡിയാണ് ദേശീയ പ്രസിഡന്റ്. ജനറൽ സെക്രട്ടറിയായി ബോംബെ മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ പ്രതിനിധി മെഹുൽ ദേശായിയും ട്രഷററായി ശിവകാശി മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ പ്രതിനിധി സമ്പത്ത് കുമാറും തിരഞ്ഞെടുക്കപ്പെട്ടു. വിവിധ സംസ്ഥാനങ്ങളിലുള്ള നൂറോളം പ്രിന്റേഴ്സ് അസോസിയേഷനുകളുടെ കേന്ദ്ര സംഘടനയാണ് ഓൾ ഇന്ത്യ ഫെഡറേഷൻ ഓഫ് മാസ്റ്റർ പ്രിന്റേഴ്സ്.

# ഒരു രൂപയ്ക്ക് ഇൻഷ്വറൻസ് പദ്ധതിയുമായി ബോചെ

**കൊച്ചി:** ഒരു രൂപയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ എന്ന ആശയവുമായി ബോബി ചെമ്മണ്ണൂർ ഇന്റർനാഷണൽ ഗ്രൂപ്പിന്റെ ഏറ്റവും പുതിയ സംരംഭമായ ബോചെ ഇൻഷ്വറൻസ് അവതരിപ്പിച്ചു. ഹാർട്ട് അറ്റാക്ക്, കാൻസർ തുടങ്ങിയ 33 രോഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ കവറേജ് ലഭിക്കുന്ന 500 രൂപയുടെ പോളിസി ഒരു രൂപയ്ക്ക് ലഭ്യമാക്കുമെന്നു പദ്ധതി ഉദ്ഘാടനം ചെയ്തു ബോചെ അറിയിച്ചു.

ലൈഫ്, മെഡിക്കൽ, വാഹന ഇൻഷ്വറൻസ് രംഗത്തെ സേവനങ്ങളും പ്രമുഖ കമ്പനികളുമായുള്ള സഹകരണത്തോടെ ബോചെ ഇൻഷ്വറൻസിൽ ലഭ്യമാക്കും. കൊച്ചി റിനൈ ഹോട്ടലിലായിരുന്നു ബോചെ ഇൻഷ്വറൻസിന്റെ  ഉദ്ഘാടനച്ചടങ്ങ്.

ഇൻഷ്വറൻസിന്റെ ഏജന്റുമാരാകാൻ 9072366668 എന്ന നമ്പറിൽ വിളിക്കണമെന്ന് അധികൃതർ അറിയിച്ചു


